പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5834

03.11.2016-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്:<br>ശ്രീ.കെ.മുരളീധരൻ :<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ: | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| (എ) എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും എക്സൈസ് ഇന്റലിജൻസ് ബ്യൂറോ ഇൻസ്പെക്ടർമാർക്കും ഇ-മെയിൽ ഐ.ഡി നൽകിയിട്ടുണ്ട്. വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ എക്സൈസ് കമ്മീഷണറേറ്റിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് സബ് ഓഫീസുകളിലും ഇ- |

| | | | |
|---|---|---|---|
| | | | ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |
| (ബി) | എക്സൈസ് വകുപ്പിലെ പേമെന്റുകൾക്ക് ഇ-പേമെയ്മെന്റ് സംവിധാനം ആവിഷ്കരിക്കുമോ; | (ബി) | ഇ-പേയ്മെന്റ് സംവിധാനം എക്സൈസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഓൺലൈൻ മുഖാന്തിരം നൽകുന്ന 16 സർവ്വീസുകളുടെ ഫീസും മറ്റും സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയാണ് അടച്ചുകൊണ്ടിരിക്കുന്നത്. |
| (സി) | കമ്പ്യൂട്ടർ വത്ക്കരണം നടപ്പാക്കുവാനായി തുക നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്; | (സി) | എക്സൈസ് ഫീൽഡ് ഓഫീസുകളുടെ നവീകരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനുമായി കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 2016-2017 സാമ്പത്തിക വർഷത്തിലെ പ്ലാൻഫണ്ടിൽ 31 ലക്ഷം രൂപയും എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എൻ.ഐ.സിയുടെ സഹായത്തോടുകൂടി ഒരു സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | സുതാര്യത ഉറപ്പാക്കുന്നതിനും ജനങ്ങൾക്ക് വേഗത്തിൽ സേവനം | (ഡി) | എക്സൈസ് വകുപ്പിന്റെ 22 സേവനങ്ങൾ ഓൺലൈൻ ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 16 സർവ്വീസുകൾ ഓൺലൈനിൽ |

| | |
|---|---|
| ലഭ്യമാക്കുന്നതിനുമായി വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | നൽകിവരുന്നു. ബാക്കിയുള്ള 6 സർവ്വീസുകൾ ഓൺലൈൻ ആക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ